പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4291 21.07.2015 - ൽ മറുപടിയ്ക്ക്

## പഠന പ്രോത്സാഹന പദ്ധതികൾ

ചോദ്യം

ശ്രീ. എ.എ. അസീസ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനായി എന്തൊക്കെ പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് ; | (എ) | 1.ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രി തലം വരെയുള്ള അംഗപരിമിതരും, ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികൾക്കും നൽകുന്ന സ്കോളർഷിപ്പ്<br>2. ജയിൽ തടവുകാരുടെ കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്ന് 1 മുതൽ 5 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് 3000/- രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 5000/- രൂപയും, +1, +2 വരെയുള്ള വിദ്യാർത്ഥികൾക്ക് 7500/- രൂപയും, സർക്കാർ/എയ്ഡഡ് സ്ഥാപങ്ങളിലെ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് 10,000/- രൂപയും പ്രതിവർഷം നൽകുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ധനസഹായം നൽകുന്നത്. അച്ഛനും അമ്മയും കുട്ടികളുടെ സംരക്ഷണത്തിന് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള ബന്ധുക്കൾ എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ കൂടി പ്രൊബേഷൻ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ ധനസഹായം നൽകി വരുന്നു.<br>3. വനിതകൾ ഗൃഹനാഥരായുള്ളവരുടെ മക്കൾക്ക് (BPL) വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 |

| | | | |
|---|---|---|---|
| | | | മുതൽ 5 വരെയുള്ള ക്ലാസ്സുകാർക്ക് 300/- രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകാർക്ക് 500/- രൂപയും, +1, +2 ക്ലാസ്സിലുള്ളവർക്ക് 750/- രൂപയും, സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി/പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 1000/- രൂപയും പ്രതിമാസം നൽകുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>4. വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനായി സ്പോൺസർഷിപ്പ് പദ്ധതി സംയോജിത ശിശുവികസന സംരക്ഷണ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. പല കാരണങ്ങളാൽ സ്കൂളുകളിൽ പോകാൻ സാധിക്കാത്തതോ, വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തതോ ആയ കുട്ടികൾക്ക് വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ വേണ്ടി മാസത്തിൽ 2000 രൂപ നിരക്കിൽ ഈ സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>5. സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളായവരും പഠനത്തിൽ മികവ് കാട്ടുന്നവരുമായ കുട്ടികളെ ബോർഡിംഗ് സ്കൂളുകളിലാക്കി പഠിപ്പിക്കുന്നു.<br>6. വിദ്യാർത്ഥികളുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ഓർഫനേജിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്ന പദ്ധതികൾ<br>1. നിർബന്ധിത എലിമെന്ററി വിദ്യാഭ്യാസം ഓർഫനേജിലെ കുട്ടികൾക്ക് നൽകുന്നു.<br>2. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് +1 പ്രവേശനത്തിനു പ്രത്യേക അനുമതി ഉത്തരവ് ഉണ്ട്.<br>3. +2 – ന് ശേഷമുള്ള ഉപരി പഠനത്തിന് ആവശ്യമായ മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുന്നു. |

| | | | |
|---|---|---|---|
| | | | 7. സാമൂഹ്യസുരക്ഷാ മിഷൻ വഴി മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ടതും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ടതും അഥവാ എ.പി.എൽ ആണെങ്കിൽ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപ വരെയും, നഗരപ്രദേശങ്ങളിൽ 22,375/- രൂപവരെയുമായ ഗവൺമെന്റ്/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി. |
| (ബി) | മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | 1. മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ഓർഫനേജിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്ന പദ്ധതികൾ.<br>(a) നിർബന്ധിത എലിമെന്ററി വിദ്യാഭ്യാസം ഓർഫനേജിലെ കുട്ടികൾക്ക് നൽകുന്നു.<br>(b) സ്ഥാപനങ്ങളിലെ കുട്ടികൾക്ക് +1 പ്രവേശനത്തിനു പ്രത്യേക അനുമതി ഉത്തരവ് ഉണ്ട്.<br>(c) +2 – ന് ശേഷമുള്ള ഉപരി പഠനത്തിന് ആവശ്യമായ മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുന്നു.<br>2. കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ടതും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ടതും അഥവാ എ.പി.എൽ ആണെങ്കിൽ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപവരെയുമായ ഗവ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്നേഹപൂർവ്വം പദ്ധതി താഴെപ്പറയുന്ന പ്രകാരം ധനസഹായം അനുവദിക്കുന്നു.<br>സ്നേഹപൂർവ്വം പദ്ധതി ധനസഹായ തുക ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>5 വയസ്സിനു താഴെയും 1 മുതൽ അഞ്ചാം ക്ലാസ്സുവരെ</td><td>പ്രതിമാസം 300/- രൂപ വീതം</td></tr>
<tr><td>6 മുതൽ പത്താം ക്ലാസ്സുവരെ</td><td>പ്രതിമാസം 500/- രൂപ വീതം</td></tr>
<tr><td>11, 12 ക്ലാസ്സുകളിൽ</td><td>പ്രതിമാസം 750/- രൂപ വീതം</td></tr>
<tr><td>ബിരുദം പ്രൊഫഷണൽ ഡിഗ്രി കോഴ്സ്</td><td>പ്രതിമാസം 1000/- രൂപ വീതം</td></tr>
</table>
ഒരു അദ്ധ്യായന വർഷത്തിൽ പരമാവധി 10 മാസത്തെ തുക അനുവദിക്കുന്നു. എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ച 10, 12 ക്ലാസ്സുകളിൽ പഠിച്ച സ്നേഹപൂർവ്വം പദ്ധതി ഗുണഭോക്താക്കൾക്ക് തുടർ വിദ്യാഭ്യാസത്തിന് പ്രോത്സാഹന ധനസഹായമായി താഴെ പറയുന്ന തുകയും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 10-ാം ക്ലാസ്സിൽ A+ നേടിയവർക്ക് 1000/- രൂപ 12-ാം ക്ലാസ്സിൽ A+ നേടിയവർക്ക് 3000/- രൂപ
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**